നിർത്തലാക്കിയ ലാന്റ് ട്രിബ്യൂണൽ പുനരാരംഭിക്കാൻ നടപടി

34 [3205] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അപ്പലേറ്റ് അതോറിറ്റികളും ലാന്റ് ട്രിബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ട്;

(ബി) നിർത്തൽ ചെയ്ത ലാന്റ് ട്രിബ്യൂണലുകൾ പുനഃപ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ നടപടിയുടെ പുരോഗതി അറിയിക്കുമോ;

(ഡി) കാസർഗോഡ് ജില്ലയിലെ നിർത്തൽ ചെയ്ത കാസർഗോഡ് നീലേശ്വരം ലാന്റ് ട്രിബ്യൂണലുകൾ പുനഃപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അപ്പലേറ്റ് അതോറിറ്റികൾ—3

ലാന്റ് ട്രിബ്യൂണലുകൾ—14

(ബി ആന്റ് സി) നിർത്തലാക്കിയ കൊല്ലം, പത്തനംതിട്ട, തൊടുപുഴ എന്നീ ലാന്റ് ട്രിബ്യൂണലുകൾ പുനഃപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) 22-10-2002-ലെ സ.ഉ. (എം.എസ്.) 331/02/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കൊല്ലം, പത്തനംതിട്ട, തൊടുപുഴ, കൊഴൽമന്ദം, മലപ്പുറം, കാഞ്ഞങ്ങാട്, പേരാമ്പ്ര, വടകര എന്നീ ലാന്റ് ട്രിബ്യൂണലുകൾ നിർത്തൽ ചെയ്തിരുന്നു. കാസർഗോഡ് ജില്ലയിലെ നിർത്തൽ ചെയ്ത നീലേശ്വരത്ത് പ്രവർത്തിച്ചിരുന്ന കാഞ്ഞങ്ങാട് ലാന്റ് ട്രിബ്യൂണൽ പുനഃപ്രവർത്തിപ്പിക്കുന്നതിന് ഇപ്പോൾ നടപടികൾ ഒന്നുംതന്നെയില്ല.

തൃശ്ശൂർ ജില്ലയിൽ നിലം നികത്തുന്നതിന് കെ.എൽ.യു. നിയമത്തിൽ ഇളവ്

35 [3206] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നിലം നികത്തുന്നതിന് കെ.എൽ.യു. നിയമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നുണ്ടോ;

(ബി) കഴിഞ്ഞ 3 വർഷത്തിനുള്ളിൽ തൃശ്ശൂർ ജില്ലാ കളക്ടർ, ആർ.ഡി.ഒ., തൃശ്ശൂർ തഹസിൽദാർ എന്നിവർ എത്ര അപേക്ഷകളിൽ പെർമിറ്റ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, പെട്രോൾ പമ്പുകൾ എന്നിവയ്ക്ക് നിലം മണ്ണിട്ട് നികത്തുന്നതിനായി ഏതെല്ലാം അപേക്ഷകളിൽ അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ച് വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	ജില്ലാ കളക്ടർ അനുമതി നൽകിയ അപേക്ഷകളുടെ എണ്ണം	തൃശ്ശൂർ ആർ.ഡി.ഒ. അനുമതി നൽകിയ അപേക്ഷകളുടെ എണ്ണം
2001	ഇല്ല	15
2002	16	58
2003	67	165

തൃശ്ശൂർ തഹസിൽദാർ നിലം നികത്തിന്നതിന് അനുമതി നൽകിയിട്ടില്ല.

(സി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 4-ഉം, പെട്രോൾ പമ്പുകൾക്ക് 8-ഉം, ആശുപത്രികൾക്ക് 1-ഉം കേസുകളിൽ നിലം മണ്ണിട്ട് നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഹോട്ടൽ സ്ഥാപിക്കുന്നതിനു വേണ്ടി നിലം നികത്തുന്നതിന് അനുമതി നൽകിയിട്ടില്ല.

സ്ഥലമെടുപ്പിനോടനുബന്ധിച്ച് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെതിരെ നിലവിലുള്ള കേസുകൾ

36 [3207] ശ്രീ. സി. പി. മുഹമ്മദ്:

„ വർക്കല കഹാർ:

„ തേറമ്പിൽ രാമകൃഷ്ണൻ:

„ അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2000 മുതൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് സ്ഥലമെടുപ്പ് നടത്തിയതിനെതിരെ എത്ര കേസുകൾ നിലവിലുണ്ട്;

(ബി) ഇവയിൽ ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീം കോടതിയിൽ എത്ര അപ്പീലുകൾ പോയി;

(സി) ഇതിൽ എത്ര കേസുകൾ ബോർഡ് വിജയിച്ചു;

(ഡി) അപ്പീൽ പോയിട്ടുള്ള കേസുകൾ ഉൾപ്പെടെയുള്ള കേസുകളുടെ കാലം പരിഗണക്കുമ്പോൾ ഫൈനൽ ഡിസിഷനെടുത്ത കേസുകളുടെ കാലദൈർഘ്യം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly